പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 4015 — 21/06/2019 ൽ മറുപടിക്ക്

## മലബാർ ദേവസ്വം ബോർഡ് ജീവനക്കാരുടെ വേതനം

ചോദ്യം — മറുപടി

**ശ്രീ.എ.പി. അനിൽ കുമാർ**

കടകംപള്ളി സുരേന്ദ്രൻ
(സഹകരണവും ടൂറിസവും ദേവസ്വവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്ര ജീവനക്കാർക്ക് ലഭിക്കുന്ന വേതനം തുച്ഛമാണെന്നും പ്രസ്തുത ജീവനക്കാർക്ക് അവധി ആനുകൂല്യമൊന്നും ലഭിക്കുന്നില്ലായെന്നുമുള്ള കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ; | (എ) | മലബാർ ദേവസ്വം ബോർഡിലെ സി, ഡി ഗ്രേഡിൽപ്പെട്ട ക്ഷേത്രങ്ങളിലെ ജീവനക്കാരുടെ വേതനം താരതമ്യേന കുറവാണ്. പാരമ്പര്യ ജീവനക്കാരൊഴികെയുള്ളവർക്ക് ആർജിതാവധി ഉൾപ്പെടെയുള്ള അവധികൾ ലഭിക്കുന്നുണ്ട്. |
| (ബി) | പ്രസ്തുത ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ സംബന്ധിച്ച് എന്തെങ്കിലും കോടതി വിധി ഉണ്ടായിട്ടുണ്ടോ എന്നറിയിക്കാമോ; | (ബി) | മലബാർ ക്ഷേത്ര ജീവനക്കാർക്ക് ന്യായമായ വേതനം സർക്കാർ നിശ്ചയിച്ച് നൽകേണ്ടതാണെന്ന് ഒ.പി.214/1992 നമ്പർ കേസിൽ ബഹു. ഹൈക്കോടതി 21/07/1994 ന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത ജീവനക്കാരെ സംരക്ഷിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത് എന്ന് വിശദമാക്കാമോ? | (സി) | മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്ര ജീവനക്കാർക്ക് പുതിയ ശമ്പള പരിഷ്കരണം നടപ്പിലാക്കുന്നതിന്റെ റിപ്പോർട്ട് തയ്യാറാക്കുന്നതിന് ദേവസ്വം ബോർഡ് പ്രസിഡന്റ് അദ്ധ്യക്ഷനായി ഉപസമിതി രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കൂടാതെ ശമ്പള പരിഷ്കരണ നടപടികളുടെ ഭാഗമായി ജീവനക്കാർക്ക് 01/06/2019 മുതൽ 2000 രൂപ ഇടക്കാലാശ്വാസം അനുവദിക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ